പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2088 06.10.2016 -ൽ മറുപടിക്ക്

## കൊച്ചി-മധുര ദേശീയ പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കൊച്ചി-മധുര ദേശീയ പാത നാലുവരി യാക്കി നിർമ്മിക്കുന്നതിനുള്ള നടപടി കളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് അറിയിക്കുമോ; | (എ) കൊച്ചി-മധുര ദേശീയപാത മറ്റക്കുഴി മുതൽ ബോഡിമേട്ട് വരെ പേവ്ഡ് ഷോൾഡറോട്ടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കുവാനാണ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ തീരുമാനം. ഇതിനായി അലൈൻമെന്റ് തീരുമാനിക്കാനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുവാനുമായി കേന്ദ്രത്തിന്റെ നിർദ്ദേശമുണ്ട്. മറ്റക്കുഴി മുതൽ മൂന്നാർ വരെയുള്ള ഭാഗത്തിന്റെ വിശദമായ പദ്ധതിരേഖ ഉണ്ടാക്കുന്നതിനു വേണ്ടി കൺസൾട്ടൻസിനെ ക്ഷണിക്കുകയും ഫിനാൻഷ്യൽ അപ്രൂവലിനു വേണ്ടി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാർ മുതൽ ബോഡിമെട്ട് (119/017) വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോട്ടു കൂടിയ 2 വരിപ്പാതയാക്കി വികസിപ്പിക്കാനുള്ള എസ്റ്റിമേറ്റ് കേന്ദ്രമന്ത്രാലയത്തിന് അനുമതിയ്ക്കായി സമർപ്പി ച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പാതയുടെ അലൈൻമെന്റ് തീരുമാനിച്ചത് എന്നാണ്; | (ബി) ദേശീയപാത 49 ന്റെ അലൈൻമെന്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അപ്രൂവ് ചെയ്തത് 1997-ലാണ്. |
| (സി) പ്രസ്തുത അലൈൻമെന്റ് പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കു ന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണം അറിയിക്കുമോ; | (സി) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല. |
| (ഡി) തൃപ്പൂണിത്തുറ ഉൾപ്പെടെയുള്ള നിരവധി സ്ഥലങ്ങളിലെ ഗതാഗതക്കുരുക്ക് ഇല്ലാതാക്കുന്ന പ്രസ്തുത റോഡിന്റെ വികസനം സമയബന്ധിതമായി പൂർത്തി യാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) മറ്റക്കുഴി മുതൽ കുണ്ടന്നൂർ വരെയുള്ള തൃപ്പൂണിത്തുറ ബൈപ്പാസ് 4 വരിപ്പാതയിലാണ് വികസിപ്പി ക്കുന്നത്. ഇതിന്റെ അലൈൻമെന്റ് കേന്ദ്ര മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ഇതിൽ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കുകയും തിരുവാങ്കുളം മുതൽ കുണ്ടന്നൂർ വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പിനുള്ള എസ്റ്റിമേറ്റ് കേന്ദ്ര മന്ത്രാലയത്തിനും സമർപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ